• പരിചയം

# സിനിമാ മാധ്യമ പഠനത്തിനായി ചേതന

**മുസ്തഫ ദേശമംഗലം**

ചെറുതും വലുതുമായ നിരവധി ഫിലിം ഇൻസ്റ്റിറ്റ്യൂട്ടുകളും ഫിലിം വിദ്യാഭ്യാസ സ്ഥാപനങ്ങളും കേരളത്തിലുണ്ട്. സിനിമ എന്ന മാധ്യമത്തെ ഈ സ്ഥാപനങ്ങൾ പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തുന്നതാകട്ടെ, സിനിമയുടെ മുഖ്യധാരാ സങ്കൽപ്പങ്ങളിൽ നിന്നുകൊണ്ടാണുതാനും. എന്താണ് ഇവിടെ വിവക്ഷിക്കുന്ന സിനിമയുടെ മുഖ്യധാരാ സങ്കൽപ്പം!

യാഥാർത്ഥ്യങ്ങളിൽ നിന്നെല്ലാം വളരെ ദൂരെ നിൽക്കുന്ന ജീവിതസമസ്യകളെയും, അനുഭവങ്ങളെയും സിനിമ എന്ന മാധ്യമത്തിന്റെ 'ഫിക്ഷണൽ' സാധ്യതകളെയും മാത്രം പേറി മുന്നോട്ടുപോകുന്ന ഒന്നിനെയാണ് ഈ മുഖ്യധാരാ സിനിമാ എന്നതുകൊണ്ട് പൊതുവിൽ വിവക്ഷിക്കുന്നത്. ഇതിനപ്പുറത്ത്, ജീവിതത്തിന്റെ അടിസ്ഥാനമായ അടിത്തട്ടുകളിൽ നിലനിൽക്കുന്ന കുറേയധികം പ്രശ്നങ്ങൾ സമൂഹത്തിലുണ്ട്. ഫിക്ഷന്റെ വ്യൂഫൈൻഡറിലൂടെ നോക്കിയാൽപോലും, പ്രേക്ഷകർക്കുമുമ്പിൽ ഹൃദ്യമാക്കാവുന്നതും ചർച്ചക്കിടയാക്കാവുന്നതുമായ പ്രശ്നങ്ങളാണിവ. ഇതൊന്നും നമ്മുടെ ചലച്ചിത്ര അക്കാദമികളോ, ഫിലിം ഇൻസ്റ്റിറ്റ്യൂട്ടുകളോ, ചർച്ചയ്ക്കെടുക്കാറില്ല, ഇത്തരം സിനിമകൾ കാര്യമായി പ്രദർശിപ്പിക്കാറുപോലുമില്ല. പക്ഷെ, ചർച്ചകൾക്കും, ഇടപെടലുകൾക്കും വേദിയൊരുക്കുന്ന ഇത്തരം സിനിമകൾ നമുക്കിടയിൽ നിർമ്മിക്കപ്പെടുന്നുമുണ്ട്, പ്രദർശിപ്പിക്കപ്പെടുന്നുമുണ്ട്.

ഇത്തരം സമകാലിക പ്രശ്നങ്ങളെ സിനിമയുടെ സാധ്യതയിലൂടെ ഉപയോഗിക്കുന്ന സിനിമകളെ പരിചയപ്പെടുത്തുന്ന ചേതനയുടെ ശ്രമങ്ങൾ അംഗീകരിക്കപ്പെടേണ്ടതാണ്.

ഈ സ്ഥാപനത്തിന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങൾ, സിനിമാ പ്രദർശനങ്ങൾ, ചർച്ചകൾ ... എല്ലാം പുതിയൊരു ദിശാബോധത്തിലേക്ക്, അഥവാ യഥാർത്ഥ 'വിഷലു'കളിലേക്ക് യുവതലമുറയിലെ സിനിമാ വിദ്യാർത്ഥികളെ നയിക്കുന്നുവെന്നോ, കണ്ണുതുറപ്പിക്കുന്നുവെന്നോ പറയുന്നതിൽ അതിശയോക്തിയില്ല. കാരണം, ഉദാഹരണങ്ങളുടെ നീണ്ട പട്ടികതന്നെ ഇന്ന് ചേതനയുടെ പിന്നിട്ട പ്രവർത്തന ദിനങ്ങളിലുണ്ടായിട്ടുണ്ട്. രണ്ടായിരിത്തിരണ്ട് ആഗസ്റ്റിൽ ഉദ്ഘാടനം ചെയ്യപ്പെട്ട സ്ഥാപനമാണ് തൃശൂർ ചേതന മീഡിയ ഇൻസ്റ്റിറ്റ്യൂട്ട്. പൂനാ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് എഡിറ്റിങ്ങിൽ ബിരുദം നേടിയ ഫാദർ ബെന്നി ബെനഡിക്റ്റാണ് ചേതനയുടെ ഡയറക്ടർ.

സിദ്ധാന്തങ്ങൾക്കും, പ്രാക്ടിക്കൽ പരീക്ഷണങ്ങൾക്കുമപ്പുറം സിനിമയെയും സിനിമ വിചാരങ്ങളേയും ചേതനയിലെത്തുന്ന വിദ്യാർത്ഥികളെ മുന്നോട്ടു കൊണ്ടുപോകുന്നത്. സാമൂഹ്യ വിഷയങ്ങൾക്കുമേലുള്ള ഒരു കാഴ്ചയോടുംകൂടിയാണ്. പലതരം വിജ്ഞാനങ്ങളുടെയും ഇടപെടലുകളുടെയും സമ്മിശ്രമാണ് സിനിമാ എന്ന മാധ്യമമെന്ന് ബോധ്യപ്പെടുത്തുന്നുണ്ടെന്ന് ചേതനയുടെ പ്രവർത്തനങ്ങൾ.

സമൂഹം ഇന്ന് നേരിടുന്ന നിരവധി പ്രശ്നങ്ങൾ, മൂല്യശോഷണത്തിന്റെ ആഗോളവ്യാപനം, ജാതി, വർഗ്ഗ വിദ്വേഷങ്ങളുടെ ഉണങ്ങാത്ത മുറിവുകൾ, ഇവയെല്ലാം, ഒറ്റയടിക്ക് പരിഹരിക്കാവുന്നതല്ലെങ്കിൽപോലും ഒരുമിച്ചിരുന്ന് ചർച്ച ചെയ്യാനൊരിടം, വേദി ചേതനയൊരുക്കുന്നുണ്ട്.

നിരവധി ചെറുതും വലുതുമായ ചലച്ചിത്രമത്സരങ്ങൾ, ചർച്ചകൾ, പരിസ്ഥിതി, ജലം, വർഗ്ഗീയത-നമ്മുടെ സമൂഹം നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ തുടങ്ങിയവ പ്രദർശനങ്ങളിലൂടെയും കൂട്ടായ്മകളിലൂടെയും ചർച്ച ചെയ്യുന്നു. ജീവിതത്തിന്റെ വ്യത്യസ്തമായ സമസ്യകൾ സിനിമ എന്ന കലാമാധ്യമത്തിന് ആവശ്യമാണെന്ന് വിശ്വസിക്കുന്ന ഒരു സമൂഹത്തെ വാർത്തെടുക്കാൻ, അല്ലെങ്കിൽ അത്തരം ചിന്തയുടെ തുടക്കമിടാൻ ചേതന ശ്രമിച്ചിട്ടുണ്ട്. അത് അത്തരത്തിൽ തിരിച്ചറിയേണ്ടത് ഇവിടെനിന്നിറങ്ങുന്ന വിദ്യാർത്ഥികളാണ്.

ദിശാബോധത്തിലൂന്നിയുള്ള ക്യാമറ, എഡിറ്റിങ്ങ്, സംവിധാനം, നിർമ്മാണം തുടങ്ങിയ ഡിജിറ്റൽ ചലച്ചിത്ര നിർമ്മാണത്തിനുള്ള പരിശീലനം നൽകുന്ന ചേതന സിനിമാ പഠനമാണ് നമുക്കിന്ന് ആവശ്യമെന്ന് അറിയാതെയാണെങ്കിലും ബോധ്യപ്പെടുത്തുന്നുണ്ട്.

മൂല്യബോധത്തിലധിഷ്ഠിതമായുള്ള സിനിമാ അക്കാദമികളും സ്ഥാപനങ്ങളുമാണ് ഇനി കേരളത്തിന് ആവശ്യം. ജനകീയ പ്രശ്നങ്ങളിൽനിന്ന് ഒഴിഞ്ഞുമാറിയുള്ള ഒരു സിനിമാ പ്രവർത്തനം ഇനി കേരളത്തിൽ സാധ്യമല്ല. അത് സമൂഹത്തിന് ആവശ്യവുമില്ല, അത് 'കല' ആകുന്നുമില്ല.

## ഇടം കണ്ടെത്തിയ ചരിത്രം

കൊട്ടകകൾക്ക് പുറത്ത് തിരശ്ശീല കെട്ടി സിനിമ പ്രദർശിപ്പിച്ചു തുടങ്ങിയതോടൊപ്പം തന്നെ കേരളത്തിൽ കവലകളിലും നിരത്തുവക്കുകളിലും ടി.വിയിൽ സിനിമ പ്രദർശിപ്പിച്ചുതുടങ്ങിയിട്ടുണ്ട്. ഈ രണ്ടു പ്രദർശനങ്ങളിലും കാതലായ ഒരു വ്യത്യാസമുണ്ടായിരുന്നു. 'സെല്ലുലോയ്ഡ്' ഫിലിം കറങ്ങുന്ന 'പ്രൊജക്ടറുകൾ' ഉപയോഗിച്ചുള്ള 'സിനിമ'കളാണ് പ്രദർശിപ്പിച്ചിരുന്നതെങ്കിൽ, പ്രകൃതിയുടെയും അതിന്റെ ആവാസ വ്യവസ്ഥകൾക്കുമേൽക്കുന്ന പ്രശ്നങ്ങളെയും കുറിച്ചുള്ള വീഡിയോ ചിത്രങ്ങളായിരുന്നു ടിവിയിൽ പ്രദർശിപ്പിച്ചിരുന്നത്. ഈ രണ്ടു വിധം പ്രദർശനങ്ങളും യഥാർത്ഥത്തിൽ 'സിനിമാ' പ്രദർശനങ്ങൾ തന്നെയായിരുന്നുവെന്ന് ഇന്ന് പറയാനാവുമെങ്കിലും പരമ്പരാഗത സിനിമാ

സങ്കൽപ്പങ്ങളിൽ വിശ്വസിച്ചിരുന്നവർ വീഡിയോ ചിത്രങ്ങളെ സിനിമകളായി പരിഗണിക്കാൻ വിമുഖത കാണിച്ചിരുന്നു. സെല്ലുലോയ്ഡ് സിനിമാ പ്രദർശനങ്ങളുടെ വേദികളെയപേക്ഷിച്ച് വീഡിയോ ചിത്രപ്രദർശനങ്ങൾക്ക് പ്രേക്ഷകർ കുറവായിരുന്നുവെങ്കിലും രണ്ടു ദിശയിൽ സഞ്ചരിച്ച ജനകീയ സിനിമാ സംസ്കാരം തുടർന്നുപോന്നു. സാങ്കേതികതയും ജീവിതവും മാറിക്കൊണ്ടിരുന്നു. ജീവിതത്തിന്റെ അടിസ്ഥാന വിഭവങ്ങൾക്കു മേലുള്ള മനുഷ്യന്റെ തന്നെ പ്രയോഗങ്ങൾ പ്രശ്നങ്ങളുടെ വ്യാപ്തി കൂട്ടി. സാങ്കേതികത സെല്ലുലോയ്ഡ് പ്രൊജക്ടറുകൾക്ക് പകരം നിൽക്കാവുന്ന ഡിജിറ്റൽ പ്രൊജക്ടറുകൾ കണ്ടെത്തി. ഡിജിറ്റൽ ക്യാമറകളും നോൺ ലീനിയർ എഡിറ്റിങ്ങ് ഉപകരണങ്ങളും നിലവിൽ വന്നു. പരീക്ഷണം തുടർന്നുകൊണ്ടിരുന്നു. വിഭിന്ന ദിശയിൽ സഞ്ചരിച്ചിരുന്ന രണ്ട് ജനകീയ സിനിമാ സംസ്കാരങ്ങൾ ഒന്നായി പരിണമിച്ചു. ടെക്നോളജി ആർക്കും പ്രാപ്യമായ ഒന്നായിത്തീർന്നു. ജീവന്റെയും വിഭവങ്ങളുടെയും മേലിൽ അത്യാസന്നമായ പല പ്രത്യാഘാതങ്ങളും തുടർച്ചയായി ഉണ്ടായിക്കൊണ്ടിരുന്നു. ജനകീയ സിനിമാ സംസ്കാരം ജനകീയ സമരങ്ങൾക്കുള്ള വേദി കൂടിയായി. സാമൂഹ്യ വിപത്തുക്കളെക്കുറിച്ചുള്ള സിനിമകൾ പ്രദർശിപ്പിച്ചും ചർച്ചകൾക്കും തർക്കങ്ങൾക്കും വേദിയൊരുക്കിയുമാണ് ഈ ജനകീയ സിനിമാ സംസ്കാരം വർത്തമാനകാലത്തിന്റെ സമരങ്ങളുടെ ഭാഗമായത് ഇങ്ങിനെ ഫിലിം സൊസൈറ്റികളുടെ ഘടന തന്നെ മാറി. ഡിജിറ്റൽ, വീഡിയോ ചിത്രങ്ങളെ സിനിമകൾ എന്നു വിളിച്ചുതുടങ്ങി. സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ചുള്ള സിനിമകൾ ഡോക്യുമെന്ററി ചിത്രങ്ങൾ എന്ന് പൊതുവിൽ വിവക്ഷിക്കപ്പെട്ടു. കേരളത്തിനുപുറത്ത് തപൻബോസ്, ആനന്ദ്പട്വർദ്ധൻ തുടങ്ങിയ കുറച്ചുപേർ തങ്ങളുടെ ക്യാമറ സാമൂഹിക പ്രശ്നങ്ങൾക്കുനേരെ തിരിച്ചു. കെ.പി. ശശി, പി. ബാബുരാജ് തുടങ്ങിയ കുറച്ചുപേർ ഇത്തരം ഡോക്യുമെന്ററി സിനിമകൾക്ക് കേരളത്തിൽ തുടക്കം കുറിച്ചു. ഇന്ന് സാമൂഹ്യ വിഷയങ്ങളെക്കുറിച്ച് ഡോക്യുമെന്ററി സിനിമകൾ ചെയ്യാൻ നിരവധി സംവിധായകരുണ്ട്. കേരളത്തെ സംബന്ധിച്ച് ഇത് വലിയൊരു സാമൂഹ്യ രാഷ്ട്രീയ മുന്നേറ്റമാണ്. തിരുവനന്തപുരത്തെ സതീഷും ചാൾസും ടിവിയും വീഡിയോ പ്ലെയറും ചുമന്ന് ഗ്രാമങ്ങളിലൂടെ യാത്ര ചെയ്തു. ടെക്നോളജി കീഴ്മേൽ മറിഞ്ഞപ്പോൾ സി. ശരത്ചന്ദ്രൻ ഡിജിറ്റൽ പ്രൊജക്ടറുകളുമായി കേരളം അളന്നു നടന്നു.

കേരളത്തിന്റെ സമകാലിക ഡോക്യുമെന്ററി ചിത്രങ്ങളുടെയും പ്രദർശനങ്ങളുടെയും അപൂർണമായ ഒരു ചരിത്രമാണിത്. ഇന്ന് കേരളത്തിന് പൊതു-സാമൂഹിക വിഷയങ്ങളെക്കുറിച്ചുള്ള സിനിമകൾ പ്രദർശിപ്പിക്കുന്നതിനും നിർമ്മിക്കുന്നതിനും പഠിക്കുന്നതിനും നിരവധി അവസരങ്ങളുണ്ട്. ഈ അവസരങ്ങളുടെ യുക്തിപൂർവ്വവും ബുദ്ധിപരവുമായ ഉപയോഗം വളരെ പ്രധാനപ്പെട്ടതാണ്. കാരണം കേരളീയ ജീവിതം അത്രമേൽ ദുസ്സഹമായിക്കൊണ്ടിരിക്കപ്പെട്ടതാണ്. മത ജാതി വിദ്വേഷമില്ലാതെ പരസ്പരം സഹായിച്ചും ആവശ്യത്തിന് മണ്ണും വായുവും ജലവും അനുഭവിച്ചും സമൂഹം ഇന്ന് എങ്ങനെ ജീവിക്കുന്നുവെന്ന യാഥാർത്ഥ്യം അന്വേഷിക്കുമ്പോഴാണ് കേരളം ഇന്ന് നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ബോധ്യമാവുക. രാജ്യത്തിനകത്തും പുറത്തുമുള്ള കുത്തകകളുടെ അധിനിവേശം കൊണ്ട് ജീവിതത്തിന്റെ താളം തെറ്റിയ നിരവധി മനുഷ്യർ ഇന്ന് സമരം ജീവിതമാക്കിയിരിക്കുകയാണ്. കൈനൂരിലെ പന്നിവളർത്തൽ കേന്ദ്രം, പ്ലാച്ചിമടയിലെ കൊക്കകോള കമ്പനി, കഞ്ചിക്കോട്ടെ വ്യവസായ കമ്പനികൾ, ഏലൂരിലെയും കരിമുകളിലെയും കമ്പനികൾ തുടങ്ങിയ കുത്തകകൾക്കെതിരായി നടക്കുന്ന സന്ധിയില്ലാ സമരങ്ങൾ പൊതുജനമധ്യത്തിലെത്തിക്കുന്നതിന് ഡോക്യുമെന്ററി സിനിമകളും പ്രദർശനങ്ങളും വഹിച്ചിട്ടുള്ള പങ്ക് കേരള ചരിത്രത്തിന്റെ ഭാഗമായിട്ടില്ല. പക്ഷെ, ഭാവിയിലും കേരളം ഉണ്ടാവുകയും അവിടെ മനുഷ്യർ ജീവിക്കുകയും ചെയ്യുന്നിടത്തോളം കാലം അത് ചരിത്രം തന്നെയായിരിക്കും. ഇതിനപ്പുറമാണ് മാറാട്ടും ഗുജറാത്തും ഭോപ്പാലും തുടങ്ങിയ നിരവധി ദുരന്തങ്ങൾ ഇതേ സമൂഹത്തിനുമേൽ അടിച്ചേൽപ്പിക്കപ്പെടുന്നത്.

പ്രശ്നങ്ങളുടെ രൂക്ഷത വർദ്ധിക്കുന്നതിനനുസരിച്ചോ അതിനേക്കാൾ പതിന്മടങ്ങ് ശക്തിയോടും വീര്യത്തോടും കൂടിയോ മനുഷ്യർ പ്രതികരിക്കേണ്ട അവസ്ഥയാണിന്ന് നിലനിൽക്കുന്നത്. ചേതന മീഡിയാ ഇൻസ്റ്റിറ്റ്യൂട്ട് പോലുള്ള സ്ഥാപനങ്ങൾ കാണിക്കുന്ന ആർജ്ജവവും ധൈര്യവും ഇത്തരത്തിൽ തിരിച്ചറിയപ്പെടേണ്ട ഒന്നാണ്. ഏത് ഇൻസ്റ്റിറ്റ്യൂട്ട്? ആരുടെ? എന്നീ ചോദ്യങ്ങൾക്കപ്പുറം നിലനിൽക്കുന്ന ജനകീയ സമരങ്ങൾക്കും മനുഷ്യർ നേരിടുന്ന പ്രശ്നങ്ങൾക്കും വേണ്ടി എന്തു ചെയ്യുന്നുവെന്നതിനാണ് പ്രാമുഖ്യം നൽകേണ്ടത്. സിനിമ സമൂഹത്തിന്റെ എതിർദിശയിൽ തിരിയുന്നതുമാവാം, സമൂഹത്തിന്റെ കണ്ണാടിയാവുന്നതുമാകാമെന്നതുപോലെതന്നെ ഏതു ചർച്ചകൾക്കും രണ്ടുവശമുണ്ടല്ലോ? ലഭിക്കുന്ന ഇടം സജീവമാക്കുക, ആരോഗ്യകരമാക്കുക എല്ലാ അർത്ഥത്തിലുമുള്ള നിലനിൽപ്പിന്റെ പോരാട്ടങ്ങൾക്ക് ശക്തി പകരുന്നതുമാക്കുക എന്നതാണ് കണ്ണും മനസ്സും തുറന്നിട്ടിരിക്കുന്ന ഒരു കേരളീയനു ചെയ്യാനാവുന്ന ഏറ്റവും ബൃഹത്തായ രാഷ്ട്രീയ ദൗത്യം. ഇത്തരത്തിൽ മനസ്സുകളെ സജീവമാക്കാവുന്ന ഒരു വേദിയാണ് 'വിബ്ജിയോർ' പോലുള്ള ഡോക്യുമെന്ററി ചലച്ചിത്ര മേളകൾ.

*'ശ്രുതി', പൂക്കായിൽ പി.ഒ., തിരൂർ*

*ചേതനയുടെ വിലാസം: ചേതന, കള്ളിയത്ത് സ്ക്വയർ, തൃശ്ശൂർ - 20*

STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT THE NEWSPAPER

**JAAGRATHAYUDE KERALEEYAM**

(Form IV See Rule 8)

| | | |
|---|---|---|
| 1. Place of Publication | : | Thrissur |
| 2. Periodicity of its Publication | : | Monthly |
| 3. Printer's Name | : | K.S.Pramod |
| Whether citizen of India? | : | Yes |
| Address | : | Keraleeyam, Municipal Market Bldg., Kokkalai, Thrissur-21 |
| 4. Publisher's Name | : | K.S.Pramod |
| Whether citizen of India? | : | Yes |
| Address | : | K.S. Pramod, Kanamkott House P.O. Akkikavu, Thrissur- 680 519 |
| 5. Editor's Name | : | K.S. Pramod |
| Whether citizen of India? | : | Yes |
| Address | : | Keraleeyam Municipal Market Bldg., Kokkalai, Thrissur-21 |
| 6. Name and addresses of individuals who own the newspaper & partners or shareholders holding more than one percent of the total capital | : | K.S. Pramod, 'Keraleeyam', Municipal Market Bldg., Kokkalai, Thrissur-21 |

I, K.S. Pramod, hereby declare that the particulars given above are true to the best of my knowledge and belief.

27-02-2006
Thrissur

Sd/-
Publisher